## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7763 — 15.07.2014 ന് മറുപടിയ്ക്ക്

## വനമേഖലയുടെ സംരക്ഷണത്തിനുള്ള പദ്ധതികൾ

**ചോദ്യം**

ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻ നായർ
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി)

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(എ) വനമേഖലയുടെ സംരക്ഷണാർത്ഥം ബജറ്റ് വിവരണത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ നടന്നു വരുന്നു. തുടർ പദ്ധതികൾ നടപ്പിലാക്കിയും വരുന്നു.

(ബി) പ്രസ്തുത മേഖലക്കായി ഉൾക്കൊള്ളിച്ച തുകയിൽ പുതിയ പദ്ധതികൾക്കായി കരുതിയ തുക എത്രയായിരുന്നു; ഇതിനകം എത്ര തുക ചെലവഴിച്ചു;

(ബി) സംസ്ഥാന പ്ലാൻ സ്കീമുകളിൽ നടപ്പിലാക്കാനുള്ള പുതിയ പദ്ധതികൾക്കായി പ്രത്യേകം തുകകൾ വേർതിരിച്ച് വകയിരുത്തിയിട്ടില്ല. അവ അതാത് ബഡ്ജറ്റ് ശീർഷകത്തിൽ വക കൊള്ളിച്ചിട്ടുള്ള തുകയിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ ഒറ്റത്തവണ ധനസഹായമായി അഡീഷണൽ സെൻട്രൽ അസിസ്റ്റൻസിൻ കീഴിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും അവയ്ക്ക് നേരെ കാണിച്ചിരിക്കുന്ന തുകകൾ വക കൊള്ളിച്ചിട്ടുള്ളതുമാണ്.

| | രൂപ ലക്ഷത്തിൽ |
|---|---|
| 1. സോയിൽ മോയിസ്ചർ കൺസർവേഷൻ ഇൻ സെലക്റ്റീവ് ഡിസ്ട്രിക്റ്റ് ഓഫ് ഇടുക്കി, പാലക്കാട് & വയനാട് | 700.00 |
| 2. മാനേജ്മെന്റ് ഓഫ് പെരിയാർ & പറമ്പിക്കുളം ടൈഗർ റിസർവ്സ് | 1000.00 |
| 3. എസ്റ്റാബ്ലിഷിംഗ് ട്രീ ഗ്രോവേഴ്സ് കോ-ഓപ്പറേറ്റീവ്സ് | 200.00 |

പ്രസ്തുത പുതിയ പദ്ധതികൾക്കായി ഇതിനകം തുക ചെലവഴിച്ചിട്ടില്ല.

(സി) പ്രഖ്യാപനം അനുസരിച്ച് എത്ര ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി; എത്ര മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കുകയുണ്ടായി;

(സി) പ്രഖ്യാപനം അനുസരിച്ചുള്ള ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ വനം വകുപ്പ് തയ്യാറാക്കി വരികയാണ്.

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ എവിടെയെല്ലാം സ്ഥാപിച്ചു ; മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ചതെവിടെയാണ്; എത്ര പേരെ ടൂറിസ്റ്റ് ഗൈഡുകളാക്കുകയുണ്ടായി;

(ഡി) പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും പട്ടികവർഗ്ഗ യുവാക്കളെ ടൂറിസ്റ്റ് ഗൈഡുകളായി നിയോഗിക്കാൻ വേണ്ട പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്. മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് വനം വകുപ്പിന്റെ സ്വന്തം വയനാട് ഡിവിഷനിലെ ഇരുളം എന്ന സ്ഥലത്താണ്.

(ഇ) മേല്പറഞ്ഞ ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ?

(ഇ) ഇല്ല.

സെക്ഷൻ ഓഫീസർ.